നം:ICDS.B6- 3713/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി : 24.04.2017

# പരിപത്രം

വിഷയം :- സാമൂഹ്യനീതി വകുപ്പ്- സംയോജിത ശിശുവികസന സേവന പദ്ധതി - അങ്കണവാടി പ്രവർത്തകരുടെ യാത്രാബത്ത നിലവിലുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. 15.3.2017 ലെ അങ്കണവാടി സ്റ്റാഫ് അസോസിയേഷന്റെ അപേക്ഷ
2. 18.5.1999 ലെ ഐസിഡിഎസ് എ3/25612/96 പരിപത്രം
3. 18.1.2005 ലെ 9/31/2003 സിഡി-1(പിറ്റി-3)നം. കേന്ദ്രസർക്കാർ കത്ത്

സംസ്ഥാനത്തെ അങ്കണവാടി ജീവനക്കാർക്ക് പ്രോജക്ട് ലെവൽ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച് സൂചന (2), (3) നിർദ്ദേശങ്ങളാണ് പ്രാബല്യത്തിലുള്ളത്. പ്രതിമാസ പ്രോജക്ട് മീറ്റിംഗിൽ പങ്കെടുക്കുന്നതിനായി 8 കി.മീറ്ററിൽ കൂടുതൽ യാത്രാ ചെയ്യേണ്ടിവരുന്ന കോർപ്പറേഷൻ പരിധിയിലുള്ള ജീവനക്കാരോടും, പഞ്ചായത്തു പ്രദേശങ്ങളിലുള്ള ജീവനക്കാരോടും സിഡിപിഒ മാർ വിവേചനപരമായ നിലപാടുകൾ സ്വീകരിക്കുന്നതായി സൂചന (1) പ്രകാരം പരാതിപ്പെടുന്നു.

സൂചന (3) ലെ കേന്ദ്ര സർക്കാർ കത്ത് പ്രകാരം റൂറൽ, ട്രൈബൽ, അർബൻ പ്രോജക്ടുകളിലെ അങ്കണവാടി പ്രവർത്തകരുടെ യാത്രാബത്ത സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (2) പ്രകാരം ക്ലാസ് 3,4 ജീവനക്കാർക്ക് നൽകുന്ന ഡിഎ നിരക്കിൽ അങ്കണവാടി ജീവനക്കാർക്ക് റ്റി.എ നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഓരോ തവണയും സംസ്ഥാന പേ കമ്മീഷനിലൂടെ ഡിഎ വർദ്ധിക്കുന്നതനുസരിച്ച് ഡിഎ യ്ക്ക് തുല്യമായ റ്റിഎ നൽകുവാനും നിർദ്ദേശമുണ്ട്

മേൽ സാഹചര്യത്തിൽ എല്ലാ സിഡിപിഒ മാരും അങ്കണവാടി പ്രവർത്തകർക്ക് യാത്രാബത്ത അനുവദിക്കുന്നതിനായി നിലവിലുള്ള നിർദ്ദേശങ്ങൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. ഇതനുസരിച്ച് 8 കി.മീറ്ററിൽ കൂടുതൽ യാത്ര ചെയ്യേണ്ടിവരുന്ന എല്ലാ അങ്കണവാടി പ്രവർത്തകർക്കും അർഹതപ്പെട്ട റ്റിഎ/ഡിഎ നൽകേണ്ടതാണ്.

എല്ലാ സിഡിപിഒമാർക്കും

സാമൂഹ്യ നീതി ഡയറക്ടർ

TSS/April 27, 2017